# ലൗദാത്തോ സീ,* സുകുമാരൻ നായർ

ഡി. ബാബു പോൾ

പെരുമ്പാവൂരിലെ കുറുപ്പംപടിയിൽ ചെറുമല എന്നും കുരിശുമല എന്നും പേരുണ്ടായിരുന്ന ഒരു കുന്നിന്റെ ചരിവിലായിരുന്നു വീട്. കുന്നിന്റെ മുകളിൽ ഒരു കുരിശുപള്ളി ഉണ്ടായിരുന്നു. താഴ്‌വരയിലെ ദേവാലയത്തിൽ വിവാഹം, മാമ്മോദീസാ, അന്നപ്രാശനം, തുലാഭാരം എന്നിങ്ങനെ എന്ത് പരിപാടി നടന്നാലും ബന്ധപ്പെട്ടവർ മലകയറി ദർശനം നടത്തി വഴിപാട് സമർപ്പിച്ചിട്ടേ സ്വഭവനങ്ങളിലേക്ക് പോവൂ. കല്യാണകാലത്ത് ചിങ്ങം, മകരം ഇങ്ങനെ ചില മാസങ്ങളായിരുന്നു അത് പത്തുരണ്ടായിരം കുടുംബങ്ങൾ ഉൾപ്പെട്ട കുറുപ്പംപടി ഇടവകയിൽ എല്ലാ ഞായറാഴ്ചയും പത്തിരുപത് കല്യാണം കാണും. ബുധനും വെള്ളിയും നോമ്പുദിവസങ്ങളാണ്. മാംസം നിഷിദ്ധം. ചൊവ്വാ, വ്യാഴം, ശനി രാത്രികളിൽ മാംസദാഹം നിഷിദ്ധം. അതുകൊണ്ട് ഇപ്പോഴത്തെ ഗൾഫു കല്യാണങ്ങൾ വരുവോളം ഞായറും തിങ്കളും മാത്രം ആയിരുന്നു കല്യാണ നാളുകൾ. അതും ഒട്ടുമുക്കാലും ഞായറാഴ്ച തന്നെ. ഞായറാഴ്ചകളിൽ പുതുമണവാളന്മാരെയും മണവാട്ടിമാരെയും കാണാൻ ജനം കാത്തുനിൽക്കുന്ന ഒരിടം ഞങ്ങളുടെ വീട്ടുമുറ്റം ആയിരുന്നു. മണവാളനിൽ നിന്ന് പത്തടിയെങ്കിലും മാറിയാണ് വധു നടക്കുക. അതുകൊണ്ട് ആര് ആരെ കെട്ടി എന്നൊന്നും കാണികൾ അറിയുമായിരുന്നില്ല. വരന്മാരൊക്കെ ഷർട്ടിട്ട് തുടങ്ങിയിരുന്നു അക്കാലത്ത്. വധുവിന് ചട്ടയും മുണ്ടും തന്നെ. സാരിയൊക്കെ ജനസമ്മതമായി വരുന്നതേയുള്ളൂ. നായർ സ്ത്രീകൾക്ക് മുണ്ടും റൗക്കയും ഒരു നേര്യതും. സുറിയാനി സ്ത്രീകൾക്ക് ചട്ട. കീഴ്ജാതിക്കാർക്ക് ടീ ഷർട്ട് പോലെ ഒരു കളസവും കൈലിമുണ്ടും. അവരിലെ വൃദ്ധനാരികൾ അർദ്ധനഗ്നർ. അതായിരുന്നു നാട്ടുനടപ്പ്.

ഞാൻ സംബന്ധിച്ചതായി ഓർമ്മയിലുള്ള ആദ്യത്തെ കല്യാണം കൊച്ചപ്പന്റെ മകൻ അദ്ദായിയുടേതായിരുന്നു. തലേന്ന് ഉച്ചയോടെയെങ്കിലും എല്ലാവരും കല്യാണവീട്ടിൽ എത്തും. അടുത്ത ബന്ധുക്കളും അടുക്കളയിൽ കയറുന്നവരും അതിനും മുൻപ്. വിവാഹത്തലേന്ന് ആദ്യത്തെ ചടങ്ങ് 'അന്തം ചാർത്തൽ'. വീട്ടുമുറ്റത്തെ പന്തലിൽ ഒരു കൊരണ്ടിപ്പലകയിന്മേൽ വെള്ള വിരിച്ചിരിക്കും. ഗ്രാമത്തിലെ ക്ഷുരകൻ മുടിവെട്ടി, മുഖക്ഷൗരം ചെയ്ത് കഴിഞ്ഞപ്പോൾ വരൻ വലതുകൈ ഉയർത്തി. അപ്പോൾ കണ്ടു ആ കക്ഷത്തിൽ രോമം. അത് ഉന്മൂലനം ചെയ്യപ്പെടുന്ന ദൃശ്യം ഒമ്പതാം വയസ്സിൽ അത്ഭുതത്തോടെ നോക്കിനിന്നു ഞാൻ. ക്ഷൗരം വേണ്ട രോമം വളരുന്നത് മുഖത്ത് മാത്രമല്ല എന്നത് ഒരു പുതിയ അറിവായിരുന്നു. ഐ.എ.എസ്. പരീക്ഷയ്ക്ക് പൊതുവിജ്ഞാനത്തിന് എൺപതു ശതമാനത്തിലേറെ മാർക്ക് കിട്ടിയതൊക്കെ പിൽക്കാലത്താണ്. ഈവിയുടെ ആവണിമുത്തു മുൻസിഫ് പറയുമ്പോലെ: അതൊക്കെ പേഴ്സണൽ പ്രൊസീഡ്. എങ്കിലും കണ്ടോ അറിവ് വളരുന്ന വഴികൾ.

പിന്നെ ആ ചേട്ടൻ കുളിക്കാൻ കിണറ്റിൻകരയിലേക്ക് പോയി. മടങ്ങിയെത്തിയപ്പോഴേയ്ക്ക് രംഗവിധാനങ്ങൾ മാറി. രണ്ടാം രംഗത്തിൽ വരൻ പുത്തൻകുപ്പായങ്ങൾ ധരിച്ച് ഒരു കസേരയിൽ ഇരിക്കും. മധുരം വയ്ക്കുക എന്നാണ് ചടങ്ങിന്റെ പേര്. വരന്റെ പിതൃസഹോദരിയാണ് ഇവിടെ താരം. ''ചെർക്കന് മധുരം കൊടുക്കട്ടെ'' എന്ന് മൂന്നുവട്ടം സമൂഹത്തോട് ചോദിക്കും. കിണ്ടിയിലെ വെള്ളം വായിൽകൊണ്ട് കുലുക്കുഴിഞ്ഞ് കോളാമ്പിയിലേക്ക് തുപ്പണം. മൂന്ന് പ്രാവശ്യം പഴം നുറുക്കി, പഞ്ചസാരയും ഉപ്പും ചേർത്തതാണ് 'മധുരം'. അതും മൂന്ന് പ്രാവശ്യം തൊട്ടുനക്കണം. അതിന് മുൻപ് കുരിശടയാളം നെറ്റിയിൽ തൊട്ട് വരച്ചില്ലെങ്കിൽ വിരുന്നുവാഴിയായ കാരണവരുടെ ചിത്ത ചടങ്ങിന്റെ ഭാഗമാവും. വീണ്ടും കുലുക്കുഴിഞ്ഞ് വരൻ റെഡിയാവുമ്പോൾ വൈദികനൊ കുടുംബ കാരണവരോ പ്രാർത്ഥന തുടങ്ങുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി; ആദി മുതൽ എന്നേയ്ക്കും തന്നെ.

കുറേക്കാലം മുൻപാണ്. മദിരാശിയിൽ ഒരു കല്യാണം. ഹിറ്റ്ലർ അധികാരത്തിൽ ഇരുന്ന ആ വിദൂര ഭൂതകാലത്ത് കേരളംവിട്ട ഒരു കാരണവർ അവതാരകനായി സ്വയം നിയോഗിച്ചു. തലേന്നത്തെ മധുരംവയ്പ് പോലെ നവദമ്പതികൾക്ക് മറ്റൊരു മധുരംവയ്പുണ്ട് വിവാഹാനന്തരം. ഇക്കാലത്ത് ആരും പഴം നുറുക്കാൻ മെനക്കെടാറില്ല. ഓരോ ഗ്ലാസ് പാൽ. അല്ലെങ്കിൽ രണ്ട് കുഴലിട്ട് ഒരു കരിക്ക്. കാരണവർ ചടങ്ങുകൾ തുടങ്ങി. ''വധൂവരന്മാർക്ക് പാൽ കൊടുക്കാൻ തയ്യാറായി വന്നിട്ടുള്ള സ്ത്രീകൾ വേദിയിലേക്ക് വന്ന് ചെയ്യാനുള്ളത് വേഗം ചെയ്യണം''. വ്രീളാവതിയായി ഒരു അമ്മായി പാലുമായി വന്നപ്പോഴാണ് ശ്വാസം നേരെ വീണത്. പിന്നെ എന്റെ ഊഴമായിരുന്നു. പാനോപചാര പ്രസംഗം. ഞാൻ ഭാഷയുടെ പരിണാമത്തെക്കുറിച്ചാണ് പറഞ്ഞുതുടങ്ങിയത്. ''എനിക്ക് മദിരാശി പരിചയമില്ല, തിരുവനന്തപുരത്ത് വധൂവരന്മാരുടെ പെറ്റതള്ളമാർ പോലും ഇപ്പോൾ പരസ്യമായി പാല് കൊടുക്കുമെന്ന് തോന്നുന്നില്ല''. സദസ് ആർത്തുചിരിച്ചു. എന്തിനാണ് ജനം ചിരിച്ചതെന്ന് 'അവതാരകന്' മനസ്സിലായില്ല.

കൂടെ പറയട്ടെ, ഞാൻ ആദ്യം ഒരു പാനോപചാര പ്രസംഗം നടത്തിയത് പതിമൂന്നാം വയസ്സിലാണ്. ഫിഫ്ത് ഫോമിൽ പഠിക്കുന്നു. ഒന്ന് മുതൽ കൂട്ടിയാൽ പത്താം കൊല്ലം. ഞങ്ങൾ പത്തിരുപത് പേർ പള്ളിക്കൂടത്തിൽ പോയി പഠിച്ചവരുടെ മക്കൾ. ബാക്കിയുള്ളവർ അവരവരുടെ കുടുംബത്തിൽ നിന്ന് ആദ്യമായി പള്ളിക്കൂടത്തിന്റെ പടി ചവിട്ടുന്നവർ. അവർക്കൊക്കെ അന്നേ പതിനേഴും പതിനെട്ടും വയസാണ് പ്രായം. സെക്കൻറ് ഫോം മുതൽ പൊഴിയാൻ തുടങ്ങും പെൺകുട്ടികൾ. ഇടവമാസത്തിൽ പുതിയ ക്ലാസിൽ എത്തുമ്പോൾ കമലാക്ഷിമാരും മറിയാമ്മമാരും ഹാജരില്ല. അവധിക്കാലത്ത് കല്യാണം കഴിയും. ചിലർ പിന്നെയും വരും. മിക്കവരും വരികയില്ല. വരുന്നവരുടെ മുഖത്ത് ഒന്നാം ദിവസം നാണം. പിന്നെപ്പിന്നെ ഞങ്ങളെയൊന്നും അത്ര വകയില്ല. നിനക്കൊക്കെ മാർക്ക് ഉണ്ടായിരിക്കാം, നിനക്കൊന്നുമറിയാത്ത ഒരു സംഗതി എനിക്കറിയാം എന്ന മട്ട്. ഞങ്ങളുടെ വടക്കൻ ഭാഷയിൽ, ''ബാബൂനറിയാത്ത ഒരുട്ടം (ഒരു സംഗതി) നിക്കറിയാലോ (എനിക്കറിയാമല്ലോ)''. ആൺകുട്ടികൾ വിവാഹം കഴിഞ്ഞാൽ വൈകാതെ ക്ലാസിൽ വരും. ആ മുതിർന്ന സതീർത്ഥ്യർ തമ്മിൽ പറയുന്നത് പലതും അന്ന് മനസ്സിലായില്ല. ഒപ്പം കൂടാൻ ശ്രമിച്ചാൽ ''പോടാ, പോടാ വെല്യ വെല്യ കാര്യങ്ങള് പറേമ്പോണ്ട് കോണാൻ കെട്ടണ ചെർക്കന്മാര് വന്നേക്കണ്'' എന്നാവും. വലിയ വലിയ കാര്യങ്ങൾ കൗപീനപ്രായം കഴിയാത്തവർ കേൾക്കേണ്ടതില്ല. തരത്തിൽ പോയി കളിച്ചാൽ മതി. എങ്കിലും പ്രസംഗിക്കാൻ ബാബു തന്നെ വേണം. 1954ൽ ഇ.വി.മാത്യു എന്ന സഹപാഠിയുടെ വിവാഹം. ആൾ ഇപ്പോൾ വലിയ മുതലാളിയും കോൺഗ്രസ് നേതാവും ആണ്. ഞങ്ങൾ സതീർത്ഥ്യർ പിരിവെടുത്തു. കാൽപവന്റെ മോതിരം കൊടുക്കാൻ പോന്ന 20 രൂപ കിട്ടി. ഇരുപതു രൂപയുടെ സമ്മാനം. മാത്തുക്കുഞ്ഞും മണവാട്ടിയും മധുരംവച്ച് കഴിഞ്ഞപ്പോൾ പതിവുചോദ്യം ഉണ്ടായി: ''പരസ്യായിട്ട് ആരെങ്കിലും വല്ലോം കൊട്ക്കണൊണ്ടോ?'' പൊതുവേദിയിൽ വച്ച് വല്ല പാരിതോഷികവും കൊടുക്കുന്നുണ്ടോ എന്നാണ് കാരണവർ ചോദിക്കുന്നത്. അപ്പോഴേയ്ക്കും ചുറ്റുവട്ടത്ത് ബാലപ്രഭാഷകനായി അറിയപ്പെട്ടിരുന്നതിനാൽ എനിക്ക് സഭാകമ്പം ഒന്നും ഉണ്ടായില്ല. ''വധൂവരന്മാർക്ക് മംഗളം നേർന്നുകൊണ്ട് ഫിഫ്ത് ഫോം എ ഡിവിഷൻ വിദ്യാർത്ഥികളുടെ പേരിൽ ഈ മോതിരം സമ്മാനിച്ചുകൊള്ളുന്നു''.

സുറിയാനി ക്രിസ്ത്യാനികളുടെ വിവാഹസദ്യ അനിയനും എനിക്കും പ്രശ്നമായിരുന്നു. അനിയനും ഞാനും സസ്യഭുക്കുകളായിട്ടാണ് ജനിച്ചത്. ആദാം സസ്യഭുക്കായിരുന്നു എന്ന് ബൈബിളിൽ ഉണ്ട്. ആദാമിന്റെ അക്കൗണ്ടിലായിരുന്നില്ല ഞങ്ങളുടെ ഭക്ഷ്യരുചി. അത് ഒരു ജനിതകമുദ്രയുടെ തുടർച്ച. ഇറച്ചിയും മീനും കഴിഞ്ഞാൽ എരിശ്ശേരി, പുളിശ്ശേരി, മെഴുക്കുപുരട്ടി, ഉപ്പിലിട്ടത്. ഞങ്ങൾക്കത്

